**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2101          11.02.2020 - ൽ മറുപടിയ്ക്ക്**

**<u>ആശുപത്രികളിലെ മരുന്ന് പാഴാക്കൽ</u>**

| | **<u>ചോദ്യം</u>**<br>**ശ്രീ.കെ.വി.വിജയദാസ് :** | | **<u>മറുപടി</u>**<br>**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി)** |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ചില ആശുപത്രികളിൽ മരുന്ന് പാഴാക്കിയും ഉപയോഗശൂന്യമാക്കിയും കളയുന്നതായുള്ള മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | ഇപ്രകാരമുള്ള സാഹചര്യം ഒഴിവാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ? | (ബി) | സർക്കാർ ആശുപത്രികൾക്കാവശ്യമായ സൗജന്യ ജനറിക് മരുന്നുകൾ ഇൻഡന്റിന് അനുസൃതമായി വിതരണം നടത്തുന്നത് കേന്ദ്രീകൃത സോഫ്റ്റ് വെയറായ ഡ്രഗ്ഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം (ഡി.ഡി.എം.എസ്) മുഖേനയാണ്. ടി സംവിധാനത്തിലൂടെ ആശുപത്രികൾ സ്വീകരിക്കുന്നതും, മടക്കി നൽകുന്നതും, ആശുപത്രി സ്റ്റോക്കിൽ സൂക്ഷിക്കുന്നതുമായ മരുന്നുകളുടെ ബാച്ച് നമ്പർ, ഉൽപ്പാദന തീയതി, കാലാവധി തീരുന്ന തീയതി തുടങ്ങിയ വിശദാംശങ്ങൾ കോർപ്പറേഷന്റെ ആസ്ഥാന കാര്യാലയം, ജില്ലാ മരുന്നു സംഭരണശാലകൾ, ജില്ലാ മെഡിക്കൽ ഓഫീസറുടെ കാര്യാലയങ്ങൾ എന്നിവിടങ്ങളിൽ നിന്ന് നിരീക്ഷിക്കുന്നതിന് സാധിക്കുന്നു.<br>സ്ഥാപനത്തിൽ സ്റ്റോക്കുള്ള മരുന്നുകളുടെ കാലാവധി അവസാനിക്കുന്നതിന് ആറു മാസം മുമ്പ് തന്നെ ടി മരുന്നുകളുടെ പട്ടികയും, സ്റ്റോക്ക് അളവും, ടി മരുന്നുകൾ ഇരിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടെ കേന്ദ്രീകൃത സോഫ്റ്റ് വെയറായ ഡ്രഗ്ഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഡാഷ്ബോർഡിൽ പ്രദർശിപ്പിച്ച് മുന്നറിയിപ്പ് നൽകുകയും അതിലൂടെ ഉപഭോഗം കുറഞ്ഞ ടി മരുന്നുകൾ ആവശ്യമായ മറ്റു സ്ഥാപനങ്ങളിലേയ്ക്ക് ബന്ധപ്പെട്ട മരുന്നു സംഭരണ കേന്ദ്രങ്ങൾ മുഖേനയോ, നേരിട്ടോ ഉള്ള പരസ്പര കൈമാറ്റത്തിലൂടെ വിതരണം നടത്തി, അത്തരം മരുന്നുകൾ കാലഹരണപ്പെടുന്ന സാഹചര്യം ഫലപ്രദമായി ഒഴിവാക്കുന്നതും ഇത്തരത്തിലുള്ള നിരീക്ഷണങ്ങളിലൂടെ മരുന്നുകളുടെ ഉപഭോഗം കാര്യക്ഷമമാക്കാൻ സാധിക്കുന്നതുമാണ്. |

സെക്ഷൻ ആഫീസർ